# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7042 11/07/2014 ൽ മറുപടിക്ക്

**ആർ.എം. എസ്". എ . യു ടെ ഭാഗമായി ഹൈസ്കൂ ളായി ഉയർത്തിയ യു . പി . സ്കൂ ള ു കൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ആർ.എം.എസ്.എ യുടെ ഭാഗ മായി ഏതെല്ലാം യു.പി സ്കൂളുകളെ ഹൈസ്ക്കൂളായി ഉയർത്തി എന്ന് വിശദമാക്കുമോ ; | എ) | 2009-10 വർഷം 60 സ്കൂളുകൾ, 2010-11 വർഷം 36 സ്കൂളുകൾ, 2011-12 വർഷം 16 സ്കൂളുകളാണ് ആർ.എം.എസ്.എ പദ്ധതി യിൽ ഉൾപ്പെടുത്തി ഇതുവരെ ഹൈസ്കൂളുകളായി ഉയർത്തിയത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത സ്കൂളുകളുടെ പശ്ചാത്തല വികസനത്തിന് ആർ.എം.എസ്.എ യുടെ ഫണ്ട് അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) | ഈ സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് സ്കൂൾ ഒന്നിന് 58.12 ലക്ഷം രൂപയാണ് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.238/2010/പൊ.വി.വ തീയതി 16/11/2010 മുഖേന അപ്ഗ്രേഡ് ചെയ്ത 4 ജില്ലകളിലെ 60 സ്കൂളുകൾക്കുള്ള കെട്ടിട നിർമ്മാണ ത്തിനുള്ള ഫണ്ട് ഇതിനകം ആർ.എം.എസ്.എ വഴി നൽകിയിട്ടുണ്ട്. 57 സ്കൂളുകൾക്ക് 40 ലക്ഷം രൂപ വീതവും 3 സ്കൂളുകൾക്ക് 20 ലക്ഷം രൂപ വീതവും ആണ്നൽകിയിട്ടുള്ളത്. കെട്ടിടനിർമ്മാ ണത്തിനുള്ള ഫണ്ട് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് / മുനിസിപ്പാലിറ്റി കൾക്കുമാണ് നൽകിയിട്ടുള്ളത്. കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്**